വിദ്യാഭ്യാസമന്ത്രിയെ ഉപദേശിക്കുന്നതിനായി സമിതി

98 (1215) ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി രാധാമാഘവൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസമന്ത്രിയെ ഉപദേശിക്കുന്നതിനായി ഒരു സമിതി നിലവിലുണ്ടോ ;

(ബി) എങ്കിൽ അതിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇവരുടെ വിദ്യാഭ്യാസയോഗ്യതയും പരിചയവും പരിശീലനവും എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവർ ഏതേതു മേഖലകളിൽ പ്രവർത്തിക്കുന്നവരാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ,ബി,സി&ഡി) നിലവിലുണ്ട്. ജി.ഒ.(പി) നം.256/99പൊ.വി.വ.തീയതി 15-10-99 പ്രകാരം സംസ്ഥാനവിദ്യാഭ്യാസ ഉപദേശകസമിതി രൂപീകരിച്ചുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. താഴെ പറയുന്നതാണ് അംഗങ്ങൾ.

1. പ്രൊഫ. (ഡോക്ടർ) പി.കെ.ജി. നായർ ചെയർമാൻ, സെന്റർ ഫോർ സ്റ്റഡീഡ്, ജെനോന്റോളജിക്കൽ സ്റ്റഡീസ്, ചെയർമാൻ കൊച്ചുള്ളൂർ, തിരുവനന്തപുരം, 11.
2. വൈസ് ചാൻസിലർ, എക്സ് ഓഫീഷിയോ മെമ്പർ, കേരളയൂണിവേഴ്സിറ്റി.
3. പ്രിൻസിപ്പൽ സെക്രട്ടറി, ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്-മെമ്പർ.
4. സെക്രട്ടറി, ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്, എക്സ്.ഒഫീഷിയോ മെമ്പർ.
5. സെക്രട്ടറി, ഇൻഫർമേഷൻ ടെക്നോളജി, എക്സ്. ഒഫീഷ്യോ മെമ്പർ.
6. പൊതുവിദ്യാഭ്യാസ ഡയറക്ടർ, സെക്രട്ടറി.
7. ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ, എക്സ്-ഒഫീഷ്യോ മെമ്പർ
8. ഹെൽത്ത് സർവീസ് ഡയറക്ടർ കേരള, എക്സ്. ഒഫീഷിയോ മെമ്പർ
9. ഡയറക്ടർ, ഹയർ സെക്കന്ററി ഡയറക്ട്രേറ്റ്, മെമ്പർ.
10. ഡയറക്ടർ സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ്, എക്സ്-ഒഫീഷ്യോ മെമ്പർ
11. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി, മെമ്പർ.
12. ശ്രീ. സി.ജി. ശരത്കുമാർ, ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചിൽഡ്രൻസ് ലിറ്ററേച്ചർ, മെമ്പർ.
13. ശ്രീ. സി.പി. അരവിന്ദാക്ഷൻ, ഡയറക്ടർ, ശ്രമിക് വിദ്യാപീഠം, തിരുവനന്തപുരം, മെമ്പർ.
14. ശ്രീ. എം.ജി. ശശിഭൂഷൺ, ഡയറക്ടർ, കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി, മെമ്പർ.

LIBRARY ARCHIVES Kerala Legislative Assembly

15. പ്രൊഫ. നബീസാ ഉമ്മാൾ, ചെയർപേഴ്സൺ, നെടുമങ്ങാട്, മുൻസിപ്പാലിറ്റി, മെമ്പർ

16. ശ്രീ. റഷീദ് കാണിച്ചേരി, ജനറൽ സെക്രട്ടറി, കെ.എസ്.റ്റി.എ., കെ.എസ്.റ്റി.എ. ഓഫീസ്, തൈക്കാട്, തിരുവനന്തപുരം, മെമ്പർ.

17. ശ്രീ. സിറിയക് കാവിൽ, ജനറൽ സെക്രട്ടറി, കെ.എസ്.റ്റി.എഫ്. വാരണം പി.ഒ. ആലപ്പുഴ, 688555 മെമ്പർ.

18. ശ്രീ. എം. സുജയ്, പ്രസിഡന്റ്, ജി.എസ്.റ്റി.യു. സ്റ്റേറ്റ് കമ്മിറ്റി ഓഫീസ്, ചിറകുളം, തിരുവനന്തപുരം, മെമ്പർ.

സ്കൂൾ യുവജനോത്സവ നടത്തിപ്പിനെക്കുറിച്ചുള്ള പരാതി

99 (1216) ശ്രീ. തമ്പാനൂർ രവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂൾ യുവജനോത്സവ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും ഉണ്ടാകുന്ന ക്രമക്കേടുകളും പരാതികളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരം പരാതികളും ക്രമക്കേടുകളും പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്കൂൾ യുവജനോത്സവ നടത്തിപ്പിൽ നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണു വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) കഴിഞ്ഞ സ്കൂൾ യുവജനോത്സവത്തിലെ ഫലപ്രഖ്യാപനത്തെക്കുറിച്ച് ഗവൺമെന്റിന് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ ഇവ പരിഹരിക്കുന്നതിൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ക്രമക്കേടുകളും പരാതികളും ഉന്നയിക്കപ്പെടുന്നത് വെറും സംശയത്തിന്റെ അടിസ്ഥാനത്തിലാണെന്ന് പല കേസുകളിലും തെളിഞ്ഞിട്ടുണ്ട്. സർക്കാർ ഇക്കാര്യത്തിൽ പല നടപടികളും ഇപ്പോൾത്തന്നെ സ്വീകരിച്ചിട്ടുണ്ട്.

1. 1992-ലെ മാനുവലിൽ അർത്ഥപൂർണ്ണമായ പരിഷ്ക്കാരങ്ങൾ വരുത്തിയാണ് 1998-99 പുതിയ മാനുവൽ ഉണ്ടാക്കിയിരിക്കുന്നത്. കലാസാഹിത്യരംഗത്തെ പ്രഗത്ഭരായ വ്യക്തികളുടെയും കലാസാംസ്കാരിക സംഘടനകളുടെയും അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും അഭിപ്രായങ്ങളും ഹൈക്കോടതിയുടെ വിധികളും കണക്കിലെടുത്താണ് 1998-99-ലെ പരിഷ്ക്കരിച്ച മാനുവൽ തയ്യാറാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly